# അക്കാദമിക് മാസ്റ്റർ പ്ലാൻ
## 2025 - 2026

# ദീപ്തം


## കെ.കെ.വി.യു.പി സ്കൂൾ
വേട്ടമ്പള്ളി
പനവൂർ പി.ഒ, നെടുമങ്ങാട്, തിരുവനന്തപുരം – **695 568**
**Ph : 9495405327**

# ആമുഖം

വിദ്യാഭ്യാസമെന്നത് കേവലം അറിവുല്പാദന പ്രക്രിയ മാത്രമല്ല ഒരു വ്യക്തിയുടെ സമ്പൂർണ്ണമായ വികാസമാണ്. സമൂഹത്തെ നേരായ രീതിയിൽ നയിക്കാൻ ഉതകുന്ന വിദ്യാഭ്യാസ പ്രക്രിയയിലെ സമുന്നതമായ സ്ഥാനം വഹിക്കുന്നത് വിദ്യാലയങ്ങളാണ്. വിദ്യാഭ്യാസത്തിന് വളരെയധികം പ്രാധാന്യം നൽകുന്ന സംസ്ഥാനമാണ് കേരളം. ഈ രംഗത്ത് ഏറെ നേട്ടങ്ങൾ നമ്മുടെ സംസ്ഥാനം കൈവരിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നമ്മുടെ വിദ്യാഭ്യാസ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. പൊതു വിദ്യാലയങ്ങളിലേക്കുള്ള കുട്ടികളുടെ അനുസ്യൂത പ്രവാഹത്തിന് അത് കാരണമായി. മികവാർന്ന രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ഓരോ വിദ്യാലയത്തിനും ഓരോ അക്കാദമിക് മാസ്റ്റർപ്ലാനുകൾ അനിവാര്യമാണെന്നു ബോധ്യപ്പെട്ടതിനു പിന്നാലെ എല്ലാ വിദ്യാലയങ്ങളും അവരുടേതായ മാസ്റ്റർ പ്ലാനുകൾ അവതരിപ്പിച്ചു നടപ്പിലാക്കി. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഒരു പൊൻതൂവലായി ഇത്തരം മാസ്റ്റർ പ്ലാനുകൾ മാറി. ഓരോ വിദ്യാലയവും മികവിന്റെ കേന്ദ്രങ്ങളായി.

ഓരോ വിദ്യാലയത്തിലും എത്തുന്ന കുട്ടികളുടെ കഴിവുകളും നൈപുണികളും അതതു പ്രദേശത്തിന്റെ സാമൂഹിക സാംസ്കാരിക മേഖലകളുമായി കുറെയധികം ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ട്തന്നെ ഒരു വിദ്യാലയ ത്തിന്റെ മാസ്റ്റർപ്ലാൻ മറ്റൊരു വിദ്യാലയം നടപ്പിലാക്കുക എന്നത് അപ്രായോഗികമാണ്. അതിനാൽ നമ്മുടെ വിദ്യാല യവും വേറിട്ട രീതിയിലാണ് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാ റാക്കിയിരിക്കുന്നത്. നമ്മുടെ കുട്ടികളുടെ ദുർബല മേഖല കൾ ഏതെന്നു മനസ്സിലാക്കിയും അത്തരം മേഖലകളുടെ പ്രോജ്ജ്വലമായ വികാസത്തിന് അനുയോജ്യമായ കർമ്മ പദ്ധതികളാണ് നമ്മൾ വിഭാവന ചെയ്തിരിക്കുന്നത്. പി. ടി. എ അംഗങ്ങളിൽ നിന്നുള്ള നിർദ്ദേശങ്ങളും വിദ്യാ ഭ്യാസ രംഗത്തെ മറ്റ് പ്രമുഖരുടെ അഭിപ്രായങ്ങളും ഇക്കാ ര്യത്തിൽ നമ്മൾ പരിഗണിച്ചിട്ടുണ്ട്.

സ്കൂളിനുള്ളിൽ ഒതുങ്ങി നിൽക്കുന്ന പഠന പ്രവർത്തനങ്ങൾ മാത്രമല്ല വാതിൽപ്പുറ പഠനങ്ങളും ഞങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. കുട്ടിയുടെ വൈകാരിക വൈജ്ഞാനിക തലങ്ങളുടെ വളർച്ചയ്ക്കു ഉതകുന്ന രീതി യിലാണ് ഫീൽഡ്ട്രിപ്പുകൾ സംഘടിപ്പിച്ചിട്ടുള്ളത്.

വേട്ടമ്പള്ളി എന്ന നാടും അതു ഉൾക്കൊള്ളുന്ന സമൂഹവും നമ്മുടെ വിദ്യാലയവുമായി അഭേദ്യ ബന്ധം

പുലർത്തുന്നതു കൊണ്ട് തന്നെ സമൂഹത്തെ അറിയാനും ഉൾക്കൊള്ളാനും വേണ്ട പരിവർത്തനങ്ങൾ വരുത്താനും കുട്ടികളെ പ്രാപ്തരാക്കുന്ന സാമൂഹിക പരിപോഷണ പരിപാടികളുംനമ്മുടെ അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ഭാഗമാണ്.

പതിപ്പുകളും മാസികകളും നിർമ്മിക്കുന്നതിൽ ഒരു വിഭാഗം കുട്ടികളെ മാത്രമല്ല എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിലാണ് ക്രമീകരി ച്ചിരി ക്കുന്നത്. ഇംഗ്ലീഷ് ഭാഷാപഠന ത്തിന് പ്രത്യേകം പ്രാധാ ന്യം കൊടുക്കുന്നതിന് തിയേറ്റർ സംവിധാനം പ്രയോജന പ്പെടുത്തുന്നു. അസംബ്ലികൾ മലയാളത്തിൽ മാത്രമല്ല ഹിന്ദി യിലും ഇംഗ്ലീഷിലും സംഘടിപ്പിക്കുന്നു.

ഉപഭോഗസംസ്ക്കാരത്തിൽനിന്നു ഉൽപ്പാദന സംസ്ക്കാ രത്തി ലേക്കു മാറാൻ നൂതന കൃഷിരീതികളെ കുട്ടികൾക്കു പരിചയപ്പെടുത്തുന്നു. വിദ്യാർത്ഥി സൗഹൃദങ്ങളായ ധാരാളം പ്രവർത്തനങ്ങൾ ഈ മാസ്റ്റർപ്ലാനിൽ ചേർത്തിട്ടുണ്ട്. അറിവുല്പ്പാദകരോ വിവരസമ്പാദകരോ മാത്രമാകാതെ പാഠപുസ്തക പഠനത്തോടൊപ്പം ശാസ്ത്ര അവബോധം കുട്ടികളിൽ ഉണർത്തുവാനുതകുന്ന ഒട്ടനവധി പ്രവർത്തന ങ്ങൾ ഈ മാസ്റ്റർ പ്ലാനിലൂടെ ഞങ്ങൾ മുന്നോട്ടുവക്കുന്നു.

വിദ്യാഭ്യാസം അവകാശമായിരിക്കുന്ന ഈ കാലഘട്ട ത്തിൽ ഓരോ കുട്ടിയേയും വാർത്തെടുത്ത് നൻമയുടെ പ്രതീകങ്ങളായി മാറ്റാനും അതുവഴി നല്ലൊരു സമൂഹത്തെ വാർത്തെടുത്തുനമ്മുടെ രാജ്യത്തിന്റെ ഭാവി ഭാസുരമാക്കാനും വിദ്യാലയങ്ങൾക്കുകഴിയട്ടെ.

# ഉള്ളടക്കം


| | |
|---|---|
| അധ്യായം - 1<br>സ്കൂൾ അടിസ്ഥാനവിവരങ്ങൾ | 7 |
| അധ്യായം - 2<br>വിദ്യാലയ ചരിത്രം | 9 |
| അധ്യായം - 3<br>അക്കാദമികം-നേട്ടങ്ങളും പരിമിതികളും | 10 |
| അധ്യായം - 4<br>പൊതുലക്ഷ്യങ്ങൾ | 12 |
| അധ്യായം - 5<br>ലക്ഷ്യങ്ങൾ | 13 |
| അധ്യായം - 6<br>അലയാളം | 17 |
| അധ്യായം - 7<br>ഇംഗ്ലീഷ് | 21 |
| അധ്യായം - 8<br>ഹിന്ദി | 26 |
| അധ്യായം - 9<br>അറബിക് | 28 |
| അധ്യായം - 10<br>സാമൂഹ്യശാസ്ത്രം | 30 |
| അധ്യായം - 11<br>സയൻസ് | 33 |

അധ്യായം – 12
ഗണിതം 36

അധ്യായം – 13
വിവര വിനിമയ സാങ്കേതികവിദ്യ 39

അധ്യായം – 14
കലാ കായിക വിദ്യാഭ്യാസം 40

അധ്യായം – 15
പ്രവൃത്തിപരിചയം 42

അധ്യായം – 16
സാമൂഹികം 43

അധ്യായം – 17
തനതുപ്രവർത്തനം 44

ഉപസംഹാരം 45

**അധ്യായം – 1**

## സ്കൂൾ അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | കെ.കെ.വി.യു.പി. സ്കൂൾ, വേട്ടമ്പള്ളി |
| വിലാസം | : | വേട്ടമ്പള്ളി, പനവൂർ പി.ഒ, നെടുമങ്ങാട്, തിരുവനന്തപുരം - 695568 |
| ഫോൺ | : | 9495405327 |
| ഇമെയിൽ | : | kkvupsvettampally@gmail.com |
| സ്കൂൾ കോഡ് | : | 42553 (യു.പി) |
| വിദ്യാഭ്യാസ ഉപജില്ല | : | നെടുമങ്ങാട് |
| വിദ്യാഭ്യാസ ജില്ല | : | ആറ്റിങ്ങൽ |
| റവന്യു ജില്ല | : | തിരുവനന്തപുരം |
| ബി .ആർ .സി | : | നെടുമങ്ങാട് |
| ഡി .ആർ .സി | : | ആനാട് |
| ഗ്രാമപഞ്ചായത്ത് | : | ആനാട് |
| ബ്ലോക്ക് പഞ്ചായത്ത് | : | നെടുമങ്ങാട് (വേങ്കവിള ഡിവിഷൻ) |
| ജില്ലാ പഞ്ചായത്ത് | : | തിരുവനന്തപുരം (ആനാട് ഡിവിഷൻ) |
| നിയമസഭാ മണ്ഡലം | : | വാമനപുരം |
| ലോകസഭാ മണ്ഡലം | : | ചിറയൻകീഴ് |
| താലൂക്ക് | : | നെടുമങ്ങാട് |
| വില്ലേജ് | : | ആനാട് |

## നിലവിലെ കുട്ടികളുടെ എണ്ണം

| | |
|---|---|
| ആകെ കുട്ടികൾ | **140** |
| ആൺ കുട്ടികൾ | **76** |
| പെൺ കുട്ടികൾ | **64** |

## ക്ലാസ്മുറികൾ - നിലവിൽ

| | |
|---|---|
| സ്റ്റാന്റേർഡ് അഞ്ച് | 2 |
| സ്റ്റാന്റേർഡ് ആറ് | 2 |
| സ്റ്റാന്റേർഡ് ഏഴ് | 2 |
| കമ്പ്യൂട്ടർ ലാബ് | 1 |

## നിലവിലെ ജീവനക്കാരുടെ എണ്ണം

| | |
|---|---|
| ഹെഡ്മിസ്ട്രസ് | 1 |
| യു.പി.എസ് അസിസ്റ്റന്റ് | 5 |
| ഹെഡ്ടീച്ചർ തസ്തിക | 1 |
| ജൂനിയർ ഹിന്ദി അധ്യാപകൻ (ഫുൾടൈം ബെനിഫിറ്റ്) | 1 |
| ജൂനിയർ അറബിക് അധ്യാപിക (പാർടൈം) | 1 |
| ഓഫീസ് അറ്റന്റന്റ് | 1 |
| പാചകത്തൊഴിലാളി | 1 |



### അധ്യായം - 2

## വിദ്യാലയ ചരിത്രം



1964 - ജൂൺ 1 മുതലാണ് കെ. കെ. വി. യു. പി. സ്കൂളിൽ 5-ാം സ്റ്റാൻഡേർഡ് തുടങ്ങിയത്. സ്കൂൾ മാനേജർ ശ്രീ. കണ്ണപ്പൻപിള്ള എന്ന അപരനാമത്തിലറിയപ്പെട്ടിരുന്ന ശ്രീ. കെ. മാധവൻ പിള്ളയുടെ വീടിന്റെ വരാന്തയിലായിരുന്നു



അഞ്ചാം ക്ലാസിന്റെ തുടക്കം. നെടുമങ്ങാട് ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ നിന്നും വിരമിച്ച മലയാളം അധ്യാപകനായ ശ്രീ. വേലായുധൻ പിള്ളയായിരുന്നു പ്രഥമാധ്യാപകൻ. 1964-65 കാലഘട്ടങ്ങളിൽ 6-ാം ക്ലാസും 7-ാം ക്ലാസും ആരംഭിച്ചു. ആനാട് ശ്രീ. ജി. കൃഷ്ണൻ പോറ്റി ഹെഡ്മാസ്റ്ററായി ചാർജെടുത്ത കാലഘട്ടമാണ് സ്കൂളിന്റെ സുവർണ്ണ കാലം എന്നു പറയാം. പിന്നീട് താൽക്കാലിക





കെട്ടിടങ്ങളുടെ അനുമതി ഇല്ലാതായതോടെ ക്ലാസുകളുടെ എണ്ണം കുറഞ്ഞ് **രണ്ട്** ഡിവിഷൻ വീതമായി മാറി. എങ്കിലും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ മികവു പുലർത്തി. നെടുമങ്ങാട് ഉപജില്ലയിലേയും ആനാട് പഞ്ചായത്തിലേയും മികച്ച സ്കൂളുകളിൽ ഒന്നായി ഇന്നും വിജയയാത്ര തുടരുന്നു.

**അധ്യായം - 3**

## അക്കാദമികം - നേട്ടങ്ങളും പരിമിതികളും

പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികളെ പങ്കെടുപ്പിക്കുന്ന ഒരു വിദ്യാലയമാണിത്. 'വായിച്ചു വളരുക, ചിന്തിച്ചു വിവേകം നേടുക' എന്ന മഹത് വചനത്തിനു വേ ി വിദ്യാർത്ഥി സമൂഹത്തെ വായനയുടേയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ, വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളേയും മികച്ച എഴുത്തുകാരാക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിദ്യാരംഗം കലാസാഹിത്യ വേദിയുടെ നേതൃത്വത്തിൽ ആഴ്ചതോറും നടന്നുവരുന്ന എഴുത്തുവേള എന്ന പ്രവർത്തനത്തിലൂടെ കുട്ടികളിലെ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം നൽകുന്നു. കൂടാതെ സ്കൂളിൽ ഇടവേളകളിൽ നടന്നു വരുന്ന പൊതുവിജ്ഞാനക്ലാസ് പഞ്ചായത്തു തല ദിനാചരണങ്ങളിലും, സബ്ജില്ല, ജില്ല, ക്വിസ്മത്സരങ്ങളിലും കുട്ടികൾക്ക് മികച്ച നേട്ടം കൈവരിക്കാൻ സാധിക്കുന്നു ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന വിവിധപ്രവർത്തനങ്ങളുടെ ഫലമായി സബ്ജില്ല, ജില്ലാ ശാസ്ത്രോത്സവം, ശാസ്ത്രപ്രോജക്ട് എന്നിവയിൽ പങ്കെടുത്ത് നമ്മുടെ സ്കൂൾ ഒന്നാം സ്ഥാനത്തെത്തി. കഴിഞ്ഞ നാല് വർഷമായി ഓവറോൾചാമ്പ്യന്മാരായി. കുട്ടികളിലെ കലാപരമായ കഴിവുകൾ തെളിയിച്ച് സബ്ജില്ലാകലോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടി നമ്മുടെ സ്കൂൾ തുടർച്ചയായി ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. ജില്ലാ മത്സരങ്ങളിൽ പങ്കെടുത്തു ശ്രദ്ധേയമായി.

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ചരീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br><br>• മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം.<br><br>• കലാ പഠനം, പ്രവൃത്തിപരിചയ പഠനം, കായികപഠനം എന്നിവയിൽ മികവ്പുലർത്തുന്നു.<br><br>• സർഗ്ഗാത്മകത വേദികൾ, ആശയപ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.<br><br>• പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റരീതിയിൽ നടപ്പാക്കുന്നു.<br><br>• കാർഷിക പ്രവൃത്തികൾ ജൈവവൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ.<br><br>• പാഠപുസ്തകത്തിനപ്പുറം സമകാലിക പ്രസക്തിയുള്ള പൊതുവിജ്ഞാനസദസ്സ്. | • മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞില്ല.<br><br>• മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങളുണ്ടെങ്കിലും സ്വന്തമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല.<br><br>• വായനയ്ക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്.<br><br>• കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്<br><br>• ഐ. ഡി കുട്ടികളുടെ പഠനപിന്തുണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.<br><br>* ലൈബ്രറിക്കും ലാബിനും പ്രത്യേകം മുറികളുടെ കുറവ് |

**അധ്യായം - 4**

# പൊതുലക്ഷ്യങ്ങൾ

1 - സ്കൂളിൽ എത്തുന്ന എല്ലാകുട്ടികൾക്കും അതാത് ക്ലാസിൽ നേടുവാനുള്ള പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2 - എല്ലാകുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ എഴുതുവാനും വായിക്കുവാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3 - വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.

4 - ആധുനികസാങ്കേതികവിദ്യ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്മുറികളിൽ ഉപയോഗിക്കും.

5 - ആശയപ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.

6 - ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

7 - ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ്മാനേജ്മെന്റ് എന്നിവ കൃത്യമായി നടപ്പാക്കൽ.

8 - ഹരിതസേന രൂപീകരിക്കൽ - കൃഷി, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കൽ.

അധ്യായം - 5

# ലക്ഷ്യങ്ങൾ

## ഭാഷാവികസനം

1 – എല്ലാകുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

2 – എല്ലാകുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യ മാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.

3 – കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക.

4 – സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5 – ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ്നേടുക.

6 – ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യ സാധ്യതകളെ പ്രയോജനപ്പെടുത്തുക.

7 – മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

1 – ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാകുട്ടികളെയും പ്രാപ്തരാക്കുക.

2 – ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരംഒരുക്കുക.

3 – സ്വതന്ത്രവായനയ്ക്കും എഴുത്തിനും സജ്ജരാക്കുക.

5 – സാങ്കേതികവിദ്യ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക.

## ഹിന്ദി

1 – ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വർദ്ധിപ്പിക്കുക.
2 – ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3 – സ്വതന്ത്രവായനയ്ക്കും എഴുത്തിനും സജ്ജരാക്കുക.

## ശാസ്ത്രം

1 – ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തുക, ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2 – ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
3 – ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
4 – സാങ്കേതികവിദ്യ സാധ്യതകൾ ശാസ്ത്രപഠനത്തിന് പ്രയോജനപ്പെടുത്തുക.

## സാമൂഹ്യശാസ്ത്രം

1 – ജനാധിപത്യ വേദികൾ ഒരുക്കുക.
2 – സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3 – ജനാധിപത്യ ജീവിതസംസ്കാരം വളർത്തിയെടുക്കുക.
4 – ദിനാചരണങ്ങൾ ബോധവൽക്കരണ പരിപാടികൾ ചർച്ചകൾ സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## ഗണിതം

1 - അടിസ്ഥാന ഗണിതക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പാക്കുക.

2 - ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക

3 - ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.

4 - ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.

5 - ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1 - വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.

2 - കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം സൃഷ്ടിക്കുക.

3 - മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ ടൈപ്പിംഗ് പ്രാവീണ്യം ഉറപ്പാക്കൽ.

## പ്രവൃത്തിപരിചയം

1 - നിർമ്മാണാത്മക കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക.

2 - പാഴ്‌വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉല്പന്നങ്ങളോ ഉണ്ടാക്കുവാനുള്ള കഴിവ് വികസിപ്പിക്കുക.

3 - ഇതരവിഷയങ്ങളുമായി / പഠനവുമായി പ്രവൃത്തിപരി ചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1 – കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
2 – കലാഭിരുചി വളർത്തുക.
3 – ഓരോകുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമെരുക്കുക.
4 – 'ഓരോകുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1 – എല്ലാകുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
2 – ആരോഗ്യശീലങ്ങൾ വളർത്തുക.
3 – ആരോഗ്യ കായിക വിദ്യാഭ്യസത്തിന് എല്ലാകുട്ടികൾക്കും അവസരങ്ങൾ ഉറപ്പാക്കുക.
4 – സ്കൂൾപരിസരം മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.

## അറബിക്

1 – അറബിഭാഷ പഠിക്കാനും സംസാരിക്കാനും ഉള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.
2 – പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.
3 – വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ്മുറികളിലൊരുക്കുക.
4 – ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തുക.

**അധ്യായം - 6**

## മലയാളം

### പ്രവർത്തനം - 1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (അക്ഷരക്കളരി) | പ്രിടെസ്റ്റ് അക്ഷരം ഉറപ്പിക്കൽ ചിഹ്നം ഉറപ്പിക്കൽ അക്ഷരകാർഡ് നൽകൽ വാക്കുകൾ,വാക്യങ്ങൾ നിർമ്മിക്കൽ ചിത്രം-അടിക്കുറിപ്പ് ചിത്രം-കഥ എഴുതൽ ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകപരിഗണന | 3-മാസം | അധ്യാപകർ പി.ടി.എ | |

പ്രവർത്തനം - 2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരാക്കുക | ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ ക്ലാസ്സ് ലൈബ്രറി, സ്കൂൾലൈബ്രറി സജീകരിക്കൽ സമീപഗ്രന്ഥശാലഅംഗത്വം വായനോത്സവം സംഘടിപ്പികൽ പത്രവായന പുസ്തകചർച്ച വായനാനുഭവം പങ്കുവയ്ക്കൽ വായനക്കുറിപ്പ് തയ്യാറാക്കൽ പതിപ്പ് വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ ദിനാചരണങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും കഥയരങ്ങ് റീഡിംഗ് തിയേറ്റർ ഇ-വായന | വർഷം മുഴുവനും | വിദ്യാരംഗം കലാസാഹിത്യവേദി അധ്യാപകർ പി.ടി.എ | |

<u>പ്രവർത്തനം - 3</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | എഴുത്തുകൂട്ടം രൂപീകരണം<br>പുസ്തകചർച്ച<br>വായനക്കുറിപ്പ്, പതിപ്പ്<br>വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>ചുമർപത്രിക, പതിപ്പ്നിർമ്മാണം<br>വ്യക്തിഗത രചനകൾ<br>സംഘരചനകൾ<br>സർഗസൃഷ്ടി<br>പതിപ്പ്പ്രകാശനം<br>സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>സംവാദം സാഹിത്യ- സാംസ്കാരിക - ചരിത്ര ഗാലറി | 6–മാസം | ഭാഷാധ്യാപകർ<br>വിദ്യാരംഗം കലാ സാഹിത്യ വേദി | |

## പ്രവർത്തനം - 4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | പ്രസംഗം പരിശീലനക്കളരി വിവിധവിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കൽ മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ കേൾപ്പിക്കൽ | | വിദ്യാരംഗം കലാ സാഹിത്യ വേദി അധ്യാപകർ | |

## പ്രവർത്തനം - 5

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ അഭിനയശേഷി വളർത്തുക | വിവിധ കഥകൾ ഭാവാത്മകമായി വായന റീഡിംഗ് തീയേറ്റർ റേഡിയോ ക്ലബ്ബ് ദൃശ്യാവിഷ്കാരം സ്കിറ്റ് നാടകം എന്നിവ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് അവതരിപ്പിക്കൽ | | വിദ്യാരംഗം കലാസാഹിത്യവേദി അധ്യാപകർ | |

**അധ്യായം - 7**

# ഇംഗ്ലീഷ്

## പ്രവർത്തനം - 1

പേര് : ഇംഗ്ലീഷ് അസംബ്ലി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം നൽകൽ. | ആഴ്ച്ചയിൽ ഒരുദിവസം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ച്ചയിൽ ഒരുദിവസം | *സി.ടി | |

## പ്രവർത്തനം - 2

പേര് : ഇംഗ്ലീഷ് ഡയറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന്. | ഓരോ ദിവസത്തെയും വീട്ടിലേയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | എല്ലാദിവസവും | *സി.ടി.<br>*ഇ.ടി | |

പ്രവർത്തനം – 3

പേര് : Lend your Ear

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശരിയായ ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡ്ചെയ്ത് കേൾപ്പിക്കുന്നു ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു | ആഴ്ച്ചയിൽ ഒരുദിവസം | *ഇ.ടി | |

പ്രവർത്തനം – 4

പേര് : Treasure Hunt

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശരിയായ ഇംഗ്ലീഷ് ശ്രവിക്കാനും സംസാരിക്കുവാനും അവസരം ഒരുക്കുന്നു | വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോഅറകൾക്കും നമ്പർനൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ്കുട്ടികൾ തിരിച്ചറിയുന്നു | ആഴ്ച്ചയിൽ ഒരുദിവസം | *സി.ടി.<br>*ഇ.ടി | |

## പ്രവർത്തനം - 5

പേര് : **F M Corner**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരംനൽകുന്നു | സ്കൂളിലെ റേഡിയോക്ലബ്ബിന്റെ സഹായത്തോടുകൂടി ആഴ്ച്ചയിൽ ഒരുദിവസം കുട്ടികൾതന്നെ ഇംഗ്ലീഷിൽ മുഴുവൻ പരിപാടികളും നടത്തുന്നു | ആഴ്ച്ചയിൽ ഒരുദിവസം | *സി.ടി. | |

## പ്രവർത്തനം - 6

പേര് : **Letter Writting**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയവിനിമയം മെച്ചപ്പെടുത്തുന്നതിന് | ഓരോമാസത്തേയും വിശേഷങ്ങൾ പങ്കുവച്ച് സഹപാഠിക്ക് സുഹൃത്തുക്കൾക്ക് കത്തെഴുതുന്നു | മാസത്തിൽ ഒന്ന് | *സി.ടി.<br>*ഇ.ടി | |

## പ്രവർത്തനം - 7

പേര് : Fun time funda

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റ്കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു | കടംകഥകൾ കുസൃതിചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരംനൽകുന്നു | ആഴ്ച്ചയിൽ ഒരുദിവസം | *സി.ടി.<br>*ഇ.ടി | |

## പ്രവർത്തനം - 8

പേര് : Reader of the Month

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവാത്മകവായന പരിശീലിപ്പിക്കുന്നു | ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരംനൽകി റീഡർ ഓഫ് ദ മന്ദിനെ ആദരിക്കുന്നു | എല്ലാ മാസവും | *സി.ടി. | |

## പ്രവർത്തനം - 9

പേര് : **Film show**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാങ്കേതിക വിദ്യ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക | വിദ്യാലയ തിയേറ്ററിലൂടെ ഇംഗ്ലീഷ് ഭാഷാപഠനത്തിന് സഹായിക്കുന്ന ഷോർട്ട് ഫിലുമുകൾ കാർട്ടൂണുകൾ തുടങ്ങിയവയുടെ പ്രദർശനം | മാസത്തിൽ ഒന്ന് | *ഇ.ടി | |

## പ്രവർത്തനം - 10

പേര് : **English Fest**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയ പ്രകടനം നടത്തുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക. | വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ച് ഇംഗ്ലീഷ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. | ജനുവരി മാസം | *ഇ.ടി<br>*സി.ടി. | |

**അധ്യായം - 8**

# ഹിന്ദി

## പ്രവർത്തനം - 1

പേര് : വായന കാർഡ് നിർമ്മാണം
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കുക. ഹിന്ദി ഭാഷാശേഷി വികസനം. സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക. | • അക്ഷരങ്ങൾ പരിചയപ്പെടുത്തൽ<br>• വാക്കുകൾ നിർമ്മിക്കൽ<br>• വാക്യങ്ങൾ രൂപീകരിക്കൽ<br>• സുരീലി ഹിന്ദി പഠനപ്രവർത്തനം | മാസത്തിൽ ഒന്ന്<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട്<br>തുടർപ്രവർത്തനം<br>ആദ്യമൂന്നു മാസം | ഹിന്ദി അധ്യാപകൻ | |

## പ്രവർത്തനം - 2

പേര് : സരൾ ഹിന്ദി
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുക | അസംബ്ലിയിൽ ഹിന്ദി പ്രതിജ്ഞ, വാർത്ത, ഗീതം എന്നിവ അവതരിപ്പിക്കൽ, ഹിന്ദി വർക്ക്ഷീറ്റുകൾ തയ്യാറാക്കി നൽകൽ, ഹിന്ദി കോപ്പി രചന. | ആഴ്ച്ചയിൽ ഒരുദിവസം | ഹിന്ദി അധ്യാപകൻ | |

## പ്രവർത്തനം - 3

പേര് : ഹിന്ദി ക്ലബ്ബ്
ഉപമേഖല : ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദിയിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരമൊരുക്കുക. | • പാഠഭാഗത്തെ ആസ്പദമാക്കി ദൃശ്യാവിഷ്കാരം സംഘടിപ്പിക്കുക, റോൾ പ്ലേ എന്നിവ നടത്തൽ<br>• ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപകൻ | |

അധ്യായം - 9

# അറബിക്

## പ്രവർത്തനം - 1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക പദസമ്പത്ത് അധികരിപ്പിക്കുക പുതിയപദം പരിചയപ്പെടൽ | ആഴ്ച്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ ശേഖരിക്കാൻ സാഹചര്യമൊരുക്കുക സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുക | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ കാർഡുകൾ | |

## പ്രവർത്തനം - 2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോമാസവും കുട്ടികൾ വായനതൽപരരാവുകയും ഭാഷാശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക | മാസത്തിലൊരിക്കൽ ക്ലാസ്തലത്തിൽ വായന മത്സരം കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ ചാർട്ടുകൾ | |

## പ്രവർത്തനം - 3

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തുക . | യൂണിറ്റ്തല നിഘണ്ടു നിർമ്മാണം ഓരോ യൂണിറ്റ്തലത്തിൽ വാക്കുകൾ അർത്ഥംസഹിതം എഴുതുന്നു | ആറ് മാസം | പുസ്തകങ്ങൾ | |

## പ്രവർത്തനം - 4 , 5

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം<br><br>കരിക്കുലം ലക്ഷ്യംവയ്ക്കുന്ന അറബിഭാഷാപഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ്മത്സരം സംഘടിപ്പിക്കുകയും ചെയ്യുക<br><br>മുന്നറിവ് പരിശോധിക്കൽ അക്ഷരങ്ങൾ ഉറപ്പിക്കൽ വാചകങ്ങൾ നിർമ്മിക്കൽ | ജൂൺ മുതൽ മാർച്ച് വരെ<br><br>രണ്ട് മാസം | അസംബ്ലി ചാർട്ടുകൾ<br><br>പുസ്തകങ്ങൾ വർക്ക്ഷീറ്റുകൾ | |

**അധ്യായം – 10**

# സാമൂഹ്യശാസ്ത്രം

## പ്രവർത്തനം – 1

പേര് : സ്കൂൾ പാർലമെന്റ്
ഉപമേഖല : ജനാധിപത്യവേദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ വേദികളൊരുക്കുക | ജനാധിപത്യ രീതിയിൽ തെരെഞ്ഞെടുപ്പ് നടത്തുന്നു ഭാരവാഹികളുടെ നേതൃത്വത്തിൽ സ്കൂൾ പാർലമെന്റ് ചേരുന്നു | ഓരോ ടേമിലും | *SSC *SRG | 2000 |

## പ്രവർത്തനം – 2

പേര് : ചരക്ക് സേവന നികുതി

ഉപമേഖല : വാണിജ്യസ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കടകളിൽനിന്നുമുള്ള സാധനങ്ങളുടെ വിവിധനിരക്കിലുള്ള ജി.എസ്.ടി പരിചയപ്പെടുത്തുന്നതിന് | വാണിജ്യസ്ഥാപനങ്ങൾ സന്ദർശിക്കുന്നു വിവിധ സാധനങ്ങളുടെ ചരക്കുസേവനനികുതി രേഖപ്പെടുത്തുന്നു | സെക്കന്റ് ടേം | *SRG, SS Club | 2000 |

## പ്രവർത്തനം - 3

പേര് : ജീവചരിത്രക്കുറിപ്പ്

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്വാതന്ത്ര്യസമരസേനാനായകൻമാരുടെ ജീവചരിത്രം മനസിലാക്കുന്നതിന് | പുസ്തകങ്ങൾ ആനുകാലികങ്ങൾ പത്രം ഐ.സി.ടി എന്നിവയുടെ സഹായത്തോടെ ജീവചരിത്രക്കുറിപ്പുകൾ തയ്യാറാക്കുന്നു | എല്ലാ ടേമിലും | *SRG, SS Club | 2000 |

## പ്രവർത്തനം - 4

പേര് : ഫീൽഡ്ട്രിപ്പ്

ഉപമേഖല : ചരിത്രസ്മാരകങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗതകാല ചരിത്രത്തിന്റെ ശേഷിപ്പുകൾ സന്ദർശിച്ച് കേരള സംസ്ക്കാരത്തിന്റെ പൂർവ്വചരിത്രം മനസിലാക്കുന്നതിന് | ജില്ലയിലെ വിവിധ കൊട്ടാരങ്ങൾ കോട്ടകൾ ഇവ സന്ദർശിക്കുകയും നിരീക്ഷിച്ച് കണ്ടെത്തിയവ നോട്ടുബുക്കിൽ കുറിക്കുകയും ചെയ്യുന്നു | ഫസ്റ്റ് ടേം | *SRG, SS Club | 3000 |

## പ്രവർത്തനം - 5

പേര് : പതിപ്പുകൾ
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദിനാചരണങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ഒരുക്കുക | ദിനാചരണങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ഒരുക്കുന്നു ഓരോ ക്ലാസിലും | ഓരോ മാസം | *SRG, SS Club | 1500 |

*എസ്.ആർ.ജി – സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്/സബ്ജക്ട് റിസോഴ്സ് ഗ്രൂപ്പ് *എസ്.എസ്.സി - സോഷ്യൽ സയൻസ് ക്ലബ്ബ്

*എസ്.എസ്.ടി - സോഷ്യൽ സയൻസ് ടീച്ചർ

**അധ്യായം - 11**

# സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽനിന്നും ചുറ്റുപാടുകളിൽനിന്നും ശാസ്ത്രത്തെ തിരിച്ചറിയുക | ജൈവവൈവിധ്യ പാർക്ക് തന്റെ ചുറ്റുപാടിലെ സസ്യങ്ങളെയും അവയുടെ പ്രത്യേകതകളും തിരിച്ചറിയുന്നതിനു സഹായകമാകുന്നതരത്തിൽ ജൈവവൈവിധ്യ ഉദ്യാനം ഒരുക്കൽ | | അധ്യാപകർ കുട്ടികൾ | |
| ശാസ്ത്രപഠനതാൽപര്യം വളർത്തുക ശാസ്ത്രീയ മനോഭാവം വളർത്തുക | പരീക്ഷണക്കളരി നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗിച്ച് രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസുകൾ ആരംഭിക്കുന്നു<br><br>പരീക്ഷണകുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു | | സയൻസ് ക്ലബ്ബ് | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയാശേഷിപ്പുകളുടെ വളർച്ചയ്ക്ക് ഇണങ്ങുന്ന വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | എക്സ്പോ-എക്സ്പ്ലോർ സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു<br><br>പരീക്ഷണകിറ്റ് തയ്യാറാക്കൽ ശാസ്ത്രവിസ്മയ ചുമർ ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു<br><br>മാസ്റ്റർ മൈന്റ് ശാസ്ത്രക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്രആശയങ്ങളുമായി ബന്ധപ്പെട്ട് പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു | | വിദ്യാർഥികൾ | |
| ഫീൽഡ്ട്രിപ്പ് പരിസ്ഥിതി പഠനയാത്ര ഇവയിലൂടെ പ്രകൃതിയെഅറിയൽ | തന്റെചുറ്റുപാടിനെ അറിയുന്നതിനായി കൃഷിസ്ഥലം കാർഷിക ഗവേഷണകേന്ദ്രം കുളം വയൽ ആവാസവ്യവസ്ഥ ഫീൽഡ്ട്രിപ്പ് | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക | വിസ്മയയാത്ര ഐ.സി.ടി യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു പുതിയ കണ്ടെത്തലുകൾ ശാസ്ത്രസത്യങ്ങൾ ശാസ്ത്രകാരൻമാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | | | |

അധ്യായം - 12

# ഗണിതം

## പ്രവർത്തനം - 1

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാകുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ ക്യാമ്പുകൾ, ശിൽപ്പശാലകൾ | ഫസ്റ്റ്ടേം | ഗണിത അധ്യാപകർ | |

## പ്രവർത്തനം - 2

പേര് : ഗണിതം നിത്യജീവിതത്തിൽ-ബജറ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുക | വീട്ടിലെ ബജറ്റ് | ജൂൺ മുതൽ മാർച്ച് വരെ | ഗണിത ക്ലബ്ബ് | |

## പ്രവർത്തനം – 3

പേര് : ഗണിതം രസകരം-ഗണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതമേളകൾക്ക് തയ്യാറാക്കൽ | ഗണിതമാഗസീൻ തയ്യാറാക്കൽ ജോമട്രിക്കൽ ചാർട്ട് നമ്പർചാർട്ട് ഗണിതപസ്സിലുകൾ ഗെയിമുകൾ തുടങ്ങിയവ മനസ്സിലാക്കൽ | ജൂലൈ- ആഗസ്റ്റ് | ഗണിത ക്ലബ്ബ് | |

## പ്രവർത്തനം – 4

പേര് : ഗണിത മേള
ഉപമേഖല : ഗണിതം കളികളിലൂടെ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും നേടേണ്ട ഉള്ളടക്കപരമായ ധാരണ നേടുന്നു എന്ന് ഉറപ്പുവരുത്തൽ | ഗണിതമേളകൾ സ്കൂൾതലത്തിൽ സംഘടിപ്പിക്കൽ | ആഗസ്റ്റ് മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ | |

<u>പ്രവർത്തനം - 5</u>

പേര് : ഗണിതംമധുരം
ഉപമേഖല : ഗണിതപഠനപരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭാശാലികളായ വിദ്യാർത്ഥികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനസാധ്യതകൾ ഒരുക്കൽ | വിവിധ മത്സരപരീക്ഷകൾക്കായി പ്രത്യേകപരിശീലനം നൽകൽ | ഹ്രസ്വ കാലം | ഗണിത അധ്യാപകർ | |

**അധ്യായം - 13**

# വിവര വിനിമയ സാങ്കേതിക വിദ്യ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ്, മലയാളം ഭാഷയിൽ ടൈപ്പിംഗ് പ്രാവീണ്യം ഉറപ്പാക്കൽ | യു.പി. വിഭാഗം വിദ്യാർത്ഥികൾക്ക് മലയാളം, ഇംഗ്ലീഷ് ഭാഷയിൽ ടൈപ്പ് ചെയ്യുന്നതിനുള്ള പരിശീലനം നൽകൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട ഐ.സി.ടി സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ. | ജൂൺ മുതൽ മാർച്ച് വരെ | SRG Subject Council | |
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം. | ഐ.ടി മേളകൾക്കായുള്ള പ്രവർത്തനങ്ങൾ / പരിശീലനപരിപാടികൾ സംഘടിപ്പിക്കൽ. | ജൂൺ മുതൽ സെപ്റ്റംബർ വരെ | ഐ.ടി ക്ലബ്ബ് | |

**അധ്യായം - 14**

# കലാ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിലെ എല്ലാകുട്ടികളെയും കലാ പ്രവൃത്തി പരിചയ മേഖലകളിൽ കഴിവുള്ളവരാക്കി തീർക്കുക | കഴിവിന്റെ മേഖലകൾ അനുസരിച്ച് തരംതിരിക്കൽ | ഒരു വർഷം മുഴുവൻ | അധ്യാപകർ | |
| | ഓരോ കുട്ടിയുടെ താല്പര്യ മേഖലകൾ കണ്ടെത്തൽ (സംഗീതം നൃത്തം ചിത്രം നാടകം) | | | |
| | ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ സ്കൂളിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്ന സബ്ജില്ല ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ | | പി.ടി.എ | |
| | കലാ ക്യാമ്പുകൾ സംഘടിപ്പിക്കൽ | അവധിക്കാലം | | |
| | കോർണർ പി.ടി.എ യിൽ കുട്ടികളുടെ കലാവിരുന്ന് | | പി.ടി.എ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായികപരിശീലനം കാര്യക്ഷമമാക്കൽ കുട്ടികൾക്ക് സമ്മാനംനൽകി ആദരിക്കൽ ആരോഗ്യമുള്ള സമൂഹം രൂപപ്പെടുത്തും | കുട്ടികൾക്ക് കായിക പരിശീലനം നൽകൽ | ആഴ്ചയിൽ 3 ദിവസം | കായിക അധ്യാപകൻ | സ്പോൺസർ |
| | സ്കൂൾതലം സബ്ജില്ലാതലം വിജയികൾക്ക് സമ്മാനം ക്യാഷ്അവാർഡും നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്.എം കായിക അധ്യാപകൻ | |
| | വർഷത്തിൽ ഒരുപ്രാവശ്യം കുട്ടികൾക്ക് മെഡിക്കൽക്യാമ്പ് നടത്തുക | വർഷത്തിൽ ഒന്ന് വീതം | എച്ച്.എം പി.ടി.എ | പി.ടി.എ |
| | കുട്ടികൾക്ക് താല്പര്യമുള്ള ഗെയിം ഇനങ്ങളിൽ ഉള്ള കഴിവുകൾ പരമാവധി വികസിപ്പിക്കുക | എല്ലാ ആഴ്ചകളിലും | കായിക അധ്യാപകൻ | |

അധ്യായം – 15

# പ്രവൃത്തിപരിചയം

പേര് : പ്രവൃത്തിപരിചയ ശില്പശാല
ഉപമേഖല : നിർമ്മാണകഴിവുകൾ വികസിപ്പിക്കുക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തിപരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകൽ. | സെപ്റ്റംബർ | പ്രവൃത്തി പരിചയ ക്ലബ്ബ് | 3000 |
| ഇതരവിഷയങ്ങളുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക | സോപ്പ്, പേപ്പർ ബാഗ്, പേപ്പർപേന ഇവനിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുക | ജൂൺ മുതൽ മാർച്ച് വരെ | പ്രവൃത്തി പരിചയ ക്ലബ്ബ് | 3000 |
| | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം, പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ക്കാവശ്യമായ പരിശീലനം | ജൂലൈ മുതൽ സെപ്റ്റംബർ വരെ | പ്രവൃത്തി പരിചയ ക്ലബ്ബ് | 3000 |

അധ്യായം - 16

# സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹപങ്കാളിത്തം ഉറപ്പാക്കൽ | വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.ടി.എ യോഗങ്ങൾ ചേരൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി എസ്.ആർ.ജി | |
| | പൂർവ്വ വിദ്യാർത്ഥി സംഗമം വിളിച്ചുചേർക്കൽ അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.എസ്.ജി പി.ടി.എ | |

അധ്യായം - 17

# തനതു പ്രവർത്തനം

## സ്കൂളിലെ താരം

ഒരു അധ്യയനവർഷത്തിൽ സ്കൂളിൽ നടത്തുന്ന എല്ലാവിധ മത്സരയിനപ്രവർത്തനങ്ങളിലും സ്കൂളിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിച്ച് അതിൽ 5–ാം ക്ലാസിലേയും 6–ാം ക്ലാസിലേയും 7–ാം ക്ലാസിലേയും ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കുന്ന കുട്ടികൾക്ക് സ്വർണ്ണം, വെള്ളി, വെങ്കലം എന്നിങ്ങനെ മെഡലുകൾ സമ്മാനിക്കുന്നു. ഈ മെഡലുകളുടെ അടിസ്ഥാനത്തിൽ 15, 10, 5 എന്ന നിരക്കിൽ പോയിന്റുകൾ നൽകി രേഖപ്പെടുത്തുന്നു. എല്ലാമാസത്തിലും അവസാനം വരുന്ന സ്കൂൾ പ്രവർത്തി ദിവസം ഓരോ കുട്ടിയ്ക്കും അതതുമാസം ലഭിച്ച പോയിന്റുകളുടെ അടിസ്ഥാനത്തിൽ 5, 6, 7 ക്ലാസുകളിൽനിന്നും ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയവരെ കണ്ടെത്തുകയും തൊട്ടടുത്ത ദിവസത്തെ അസംബ്ലിയിൽവച്ച് വിജയികൾക്ക് പുസ്തകങ്ങൾ സമ്മാനമായി നൽകുന്നു.

കുട്ടികളെ വായനയിലേയ്ക്ക് തിരിച്ചുകൊണ്ടുവരുവാനും വായനശീലം പരിപോഷിപ്പിക്കുന്നതിനും മത്സരബുദ്ധിയോടെ പഠനപ്രവർത്തനങ്ങളിൽ പങ്കാളികളാകുവാനും ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യംവയ്ക്കുന്നു.

അധ്യയനവർഷത്തിൽ ഉടനീളം നടത്തുന്ന ഈ പ്രവർത്തനത്തിൽ എല്ലാ അധ്യാപകരുടേയും മുഴുവൻ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കുന്നു. ഈ പ്രവർത്തനം ജൂൺ മുതൽ മാർച്ച് വരെ തുടരുകയും

മാർച്ച് മാസത്തിൽ അതുവരെ കുട്ടികൾക്കുലഭിച്ച പോയിന്റുകളുടെ അടിസ്ഥാനത്തിൽ അഞ്ചിലേയും ആറിലേയും ഏഴിലേയും കുട്ടികളിൽനിന്നും ഏറ്റവുംകൂടുതൽ പോയിന്റ് കരസ്ഥമാക്കിയ കുട്ടികളെ കണ്ടെത്തി അവരെ സ്കൂൾ വാർഷികത്തിൽവച്ച് Best Student of the Year ആയി പ്രഖ്യാപിച്ച് ആദരിക്കുകയും സമ്മാനം നൽകുകയും ചെയ്യുന്നു.

എല്ലാമാസവും കുട്ടികൾക്ക് സമ്മാനമായി നൽകാനുള്ള പുസ്തകങ്ങൾ പ്രാദേശികമായി കണ്ടെത്തുന്നു.

# ഉപസംഹാരം

വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനു സഹായകമായ അക്കാദമിക സാമൂഹ്യ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ വിദ്യാലയങ്ങൾ ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. വൈവിധ്യമാർന്നതും തനിമയുള്ളതുമായ അന്വേഷണങ്ങളിലൂടെയും ഇടപെടലുകളിലൂടെയും പൊതു വിദ്യാഭ്യാസത്തെ കരുത്തുള്ളതാക്കി തീർക്കുന്നതിന് ഈ അക്കാദമിക മാസ്റ്റർപ്ലാൻ പ്രാപ്തമാകും എന്നതിന് ഒരു സംശയവുമില്ല. വ്യക്തമായ കാഴ്ചപ്പാടോടെയുള്ള ശക്തമായ ഇടപെടലുകളിലൂടെയും ഇച്ഛാശക്തിയോടെയും ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ വിദ്യാലയങ്ങളുടെ സമഗ്രവികസനം പൂർണ്ണമാകും.